"ഭരണഭാഷ-മാതൃഭാഷ"

നമ്പർ: E4-34298/14.

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 19-3-2015.

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ്- പുനർവിന്യാസം - ക്ലാർക്ക് / ക്ലാർക്ക് - ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ വിവര ശേഖരണം സംബന്ധിച്ച്-

സൂചന: 1) 28.02.2015ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ കത്ത്.
2) 20-12-2014 തീയതിയിലെ സാമൂഹ്യനീതി ഡയറക്ടറുടെ ഇ4-38666/14 നം. നടപടിക്രമം.

ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിലേക്കും നഗരസഭകളിലേക്കും പുനർവിന്യാസത്തിൽ നിയമിക്കുന്നതിന് താൽപര്യമുള്ള ക്ലാർക്ക് / ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽപ്പെട്ട ജീവനക്കാരുടെ വിവരങ്ങൾ അറിയിക്കുന്നതിനും, ഇപ്രകാരം താൽപര്യമുള്ള ജീവനക്കാർ ഇല്ലാത്ത സാഹചര്യത്തിൽ ജില്ലയിലെ ഏറ്റവും ജൂനിയറായിട്ടുള്ള ക്ലാർക്ക് / ക്ലാർക്ക് ടൈപ്പിസ്റ്റ്മാരുടെ പേരു വിവരം അറിയിക്കുന്നതിന് സൂചന ഒന്ന് പ്രകാരം നിർദ്ദേശിച്ചിരുന്നു.

മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിവരങ്ങൾ സമർപ്പിച്ച ചില ജില്ലകളിൽ നിന്ന് പരാമർശം (2)ലെ ഉത്തരവ് പ്രകാരം KS&SSR ചട്ടം 31(a)(1) പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നും തസ്തിക മാറ്റം അനുവദിച്ചിട്ടുള്ള ജീവനക്കാരുടെയും പേരു വിവരം ഉൾക്കൊള്ളിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. താൽക്കാലികമായി മാത്രം തസ്തികമാറ്റം അനുവദിച്ചിട്ടുള്ള ടി ജീവനക്കാരെ പുനർവിന്യാസം വഴി നിയമിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, ഇപ്രകാരം ജീവനക്കാരെ ഉൾപ്പെടുത്തി ലിസ്റ്റ് സമർപ്പിച്ചിട്ടുള്ള ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ടി ജീവനക്കാരെ ഒഴിവാക്കിക്കൊണ്ട് ജില്ലയിലെ ഏറ്റവും ജൂനിയറായ ക്ലാർക്ക് / ക്ലാർക്ക് ടൈപ്പിസ്റ്റുമാരുടെ വിവരം 3 ദിവസത്തിനകം ഈ കാര്യാലയത്തിലേക്ക് സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

*db@15*